പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3958

16-05-2017 ൽ മറുപടിക്ക്

## കുറ്റ്യാടി മണ്ഡലത്തിലെ കൃഷിവകുപ്പിന്റെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) സർക്കാർ അധികാരമേറ്റ ശേഷം കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ഏതെങ്കിലും പുതിയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും വിശദാംശങ്ങളും ഉദ്ദേശലക്ഷ്യവും വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. |
| ബി) മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി കൃഷി വകുപ്പ് ഏതെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ കുളങ്ങളുടേയും തടയണകളുടേയും നിർമ്മാണത്തിനായി പുതിയ ഒരു പദ്ധതി ആവിഷ്ക്കരിച്ച് വരുന്നുണ്ട്. ആയത് പ്രാരംഭ ഘട്ടത്തിലാണ്. കുറ്റ്യാടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പ് രൂപം നൽകിയിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. |

Sabhali

സെക്ഷൻ ഓഫീസർ

# അനുബന്ധം I

സർക്കാർ അധികാരമേറ്റ ശേഷം കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1.കേര സമൃദ്ധി - ഉയരം കുറഞ്ഞ തെങ്ങിൻ തൈകളുടെ ഉത്പാദനം

2.നെൽകൃഷി വികസന പദ്ധതി

നെൽകൃഷി വ്യാപനം

കരനെൽകൃഷി

പാട ശേഖര സമിതിക്കു സാമ്പത്തിക സഹായം

തരിശു നെൽവയലുകളിൽ നെൽകൃഷിക്ക് ധനസഹായം

3. പച്ചക്കറി കൃഷി വികസന പദ്ധതി

പച്ചക്കറി കൃഷി വ്യാപനം, പമ്പ് സെറ്റ്, സ്പ്രേയർ എന്നിവയ്ക്ക് ധനസഹായം, സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം, മഴമറ കൃഷിക്ക് ധനസഹായം, കൃത്യതാ കൃഷി, എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് ധനസഹായം, പച്ചക്കറി ക്ലസ്റ്ററുകൾക്ക് റിവോൾവിംഗ്ഫണ്ട്.

4.കാർഷിക വികസന സമിതിയോഗങ്ങൾ സംഘടിപ്പിക്കൽ

5.സുഗന്ധ വിള വ്യഞ്ജന കുരുമുളക് കൃഷി വ്യാപനം

6.ജൈവ കൃഷി വ്യാപനവും സംരക്ഷിത പച്ചക്കറി ഉത്പാദനവും

7.മണ്ണ് ആരോഗ്യ സംരക്ഷണ പദ്ധതി പ്രകാരം കുമ്മായം സൂക്ഷ്മ മൂലക വിതരണ പദ്ധതി

8. സസ്യ ആരോഗ്യ സംരക്ഷണം പരിപാലന പദ്ധതി പ്രകാരം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കൽ, മണ്ണ് പരിശോധന , കർഷകരുടെ കൃഷിയിടങ്ങളിലെ കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ, എലി നശീകരണ കാമ്പയിൻ , കർഷകർക്ക് വിജ്ഞാനദായക ബുക്ക് ലെറ്റ് വിതരണം, പരിശീലനം.

9.പരമ്പരാഗത കൃഷി വികാസ് യോജന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കർഷകരുടെ ക്ലസ്റ്റർ രൂപീകരിച്ച് ജൈവകൃഷി വ്യാപനം.

10.ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് ധനസഹായം

11.2016 വർഷത്തിലെ വരൾച്ച ദുരിതാശ്വാസ ധനസഹായ വിതരണം

12.ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ വിതരണം

13.രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം നെൽകൃഷിക്ക് ആനുകൂല്യം

14.അഗ്രോ സർവ്വീസ് സെന്ററിന് വാഹനം വാങ്ങിക്കുന്നതിന് ധനസഹായം അനുബന്ധ പദ്ധതികൾ

15. ആത്മ പദ്ധതികൾ മുഖേന ഫാം സ്കൂളുകൾ, ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ എന്നിവ നടപ്പിലാക്കുക

16.സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി മുഖാന്തിരം കുരുമുളക്, വാഴ, ടിഷ്യുകൾച്ചർ വാഴകൃഷി വ്യാപനം,ഇഞ്ചി, മഞ്ഞൾ കൃഷി വ്യാപനം, കാട് വെട്ടി യന്ത്രം, ടില്ലർ എന്നിവ വാങ്ങുവാൻ ധനസഹായം, പുഷ്പകൃഷി വ്യാപനം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നിവയ്ക്ക് ധനസഹായം

17.സൗജന്യ വൈദ്യുതി

Sabhali

സെക്ഷൻ ഓഫീസർ

# അനുബന്ധം II

കുറ്റ്യാടി മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി കൃഷി വകുപ്പ് രൂപം നൽകിയിരിക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.നെൽ കൃഷി മേഖലയ്ക്ക് കുമ്മായം/ഡോളോമൈറ്റ് വിതരണം
2.കരനെൽകൃഷി വികസനം
3.പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്യൽ
4.തരിശു നെൽവയൽ കൃഷി വ്യാപനം - **ഒന്നാം വർഷം**
5.തരിശു നെൽവയൽ കൃഷി വ്യാപനം - **രണ്ടാം വർഷം**
6.പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം
7.സുസ്ഥിര നെൽകൃഷി വികസന പദ്ധതി
8.ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നത്
9.പ്രോജക്ട് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും **നെൽകൃഷി ചെയ്യുവാൻ** ധനസഹായം
10.നെൽ കൃഷി മേഖലയിൽ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കാൻ പദ്ധതി

മേൽ പറഞ്ഞ പദ്ധതികൾ കൃഷിഭവനുകൾക്ക് നൽകിയിട്ടുണ്ട്.

Sabhali
സെക്ഷൻ ഓഫീസർ